# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1061

30.10.2019-ലെ മറുപടി

### വിളപ്പിൽ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ് | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) |
| കാട്ടാക്കട നിയോജക മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള തടസം നേരിടുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തീകരിയ്ക്കാനാകുമെന്ന് വിശദമാക്കാമോ? | വിളപ്പിൽ പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ട കിണർ, പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ഉപരിതല ജലസംഭരണി മറ്റനുബന്ധ ഘടകങ്ങളു മുൾപ്പെടുത്തി ഒരു പദ്ധതി വിഭാവനം ചെയ്യുകയും 16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്. എല്ലാ ഘടകങ്ങളും ഉൾപ്പെട്ട പദ്ധതിയ്ക്ക് 2016-ൽ സാങ്കേതികാനുമതിയുമായിട്ടുണ്ട്. ഇതിൽ 3 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തു. ശേഷിക്കുന്ന പ്രവൃത്തികളായ വിയറിന്റെ നിർമ്മാണവും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ നിർമ്മാണ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് അംഗീകരിച്ച് ഉടൻ തന്നെ ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. ശുദ്ധീകരണശാല നിർമ്മിക്കുവാനുള്ള സ്ഥലം ലഭിക്കാൻ വൈകിയതിനാൽ ഈ പദ്ധതി ആരംഭിക്കുവാൻ കാലതാമസം നേരിട്ടിരുന്നു. പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തികരിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ